കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# താനാളൂർ ഗ്രാമ പഞ്ചായത്ത്
# ഓഡിറ്റ് റിപ്പോർട്ട്

## 2016-17

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

e-mail: dompm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.എം.പി.എം.22/2017/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം

തിയ്യതി 20-09-2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

താനാളൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : താനാളൂർ ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ, തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ എയിംസ് സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായി http://aims.ksad.kerala.gov.in/esubmission ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.

3)കാര്യാലയ പകർപ്പ്.

നം. കെ.എസ്.എ.എം.പി.എം.22/2017/2017 തിയ്യതി: 20-09-2017

മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 20-12-2016 മുതൽ 21-08-2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 22 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 7 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

-----------------------------------------------------------------------------------

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. എ .എസ് .ഷാജഹാൻ , ഡെപ്യൂട്ടി ഡയറക്ടർ

-----------------------------------------------------------------------------------

ഓഡിറ്റിന് വിനിയോഗിച്ച സമയം : 22-08-2017 മുതൽ 31-08-2017 വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| | |
|---|---|
| ശ്രീ.എം. ദിനേശൻ. | ഓഡിറ്റ് ഓഫീസർ |
| ശ്രീ. അബ്ദുന്നാസർ. പി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. ടി.പി.സെൽമത്ത്. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |

നിർവഹണാധികാരികൾ

പ്രസിഡന്റ്

| | |
|---|---|
| ശ്രീ. വി.അബ്ദുറസാഖ്. | 01.04.2016 മുതൽ 31.03.2017വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി. എം. രമണി. | 01.04.2016 മുതൽ 31-3-2017 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.സാബിർ ഇബ്ന കാസിം.ടി. | 01.04.2016 മുതൽ 13-7-2016 വരെ |

| | | |
|---|---|---|
| | ശ്രീ. രാജഗോപാൽ. പി.എൻ. | 14-7-2016 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. ഗായത്രി. കെ.വി. | 01.04.2016 മുതൽ 31.3.2017 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. പ്രേമ. പി. | 01-04-2016 മുതൽ 10-08-2016 വരെ |
| | ശ്രീമതി. കനകവല്ലി. എം. | 11-08-2016 മുതൽ 31-3-2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. അപർണ്ണ. കെ.എസ്. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.ശ്രുതി. കെ.ടി. | 01.04.2016 മുതൽ 31.03.2017വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ.ഫാത്തിമത്ത് താഹിറ. ഒ.കെ. | 01.04.2016 മുതൽ 31-03-2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. പി. കാർത്തികേയൻ. | 01.04.2016 മുതൽ 31-03-2017വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. എം. അബ്ദുറഹമാൻ | 01.04.2016 മുതൽ 31.05.2016 വരെ |
| | ശ്രീ. ജോർജ്കുട്ടി ജോസഫ്. | 01.06.2016 മുതൽ 31-03-2017 വരെ |
| അസി. സെക്രട്ടറി | ശ്രീ. എം. പി.അനിൽകുമാർ. | 01.04.2016 മുതൽ 31-03-2017 വരെ |

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം I<br>ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ<br>പൊതു അവലോകനം | | | |
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |

| | | | |
|---|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമ പദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തര നിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| ഭാഗം II<br>വരവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 12 | വെറ്റി.സർജൻ - പിരിച്ച ഗുണഭോക്തൃ വിഹിതം പൂർണ്ണമായി അടവാക്കിയില്ല | 2-1 | |
| 13 | തൊഴിൽ നികുതി കുറവായി ഈടാക്കി | 2-2 | |
| 14 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല | 2-3 | |
| 15 | യന്ത്രത്തിന്റെ പവറിന് ആനുപാതികമായി ലൈസൻസ് ഫീ ഈടാക്കിയില്ല | 2-4 | |
| 16 | ഡി & ഒ ലൈസൻസ് ഫീ - ബിലേറ്റഡ് ഫീ ഈടാക്കിയില്ല | 2-5 | |
| ഭാഗം III<br>ചെലവിനങ്ങളിൽമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ | | | |
| 17 | ആനുപാതികമായ ഗുണഭോക്തൃവിഹിതം പിരിക്കാതെ 100%സബ്സിഡി അനുവദിച്ചു. | 3-1 | |
| 18 | മരുന്നുകൾ വാങ്ങൽ - സ്റ്റോക്ക് വിവരം ലഭ്യമല്ല | 3-2 | |
| 19 | പശു വളർത്തൽ - വിശദ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. | 3-3 | |
| 20 | ആശ്രയ പദ്ധതി - കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ് | 3-4 | |
| 21 | പി.എം. എ. വൈ. വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 3-5 | |
| 22 | ചെലവിന് ആധാരമായ അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല. | 3-6 | |
| 23 | കുടിവെള്ള കിണർ - ധന സഹായം അധികം നൽകി. | 3-7 | |
| 24 | എസ്.സി വൃദ്ധർക്ക് കട്ടിൽ– പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല. | 3-8 | |
| 25 | എസ്.എസ്.എ. വിഹിതം - സിവിൽ വർക്കുകളുടെ നിലവിലെ സ്ഥിതി വിവരവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമല്ല. | 3-9 | |
| 26 | ടച്ച് സ്ക്രീൻ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. | 3-10 | |
| 27 | വിദ്യാഭ്യാസ പ്രൊജക്റ്റുകൾ– പദ്ധതി മാർഗ്ഗനിർദ്ദേശം പാലിക്കുന്നില്ല | 3-11 | |
| 28 | ഓതറൈസേഷൻ ഇല്ലാതെ യാത്രാ ബത്ത കൈപറ്റി. | 3-12 | |
| 29 | അടിസ്ഥാന സൗകര്യമൊരുക്കാതെ ഉപകരണങ്ങൾ വാങ്ങി | 3-13 | |

| | | | |
|---|---|---|---|
| 30 | ഗാർഹിക മാലിന്യ സംസ്കരണ പ്രൊജക്ടുകൾ - മുൻകൂർ നൽകിയത് സംബന്ധിച്ച് | 3-14 | |
| 31 | ജൈവ വള നിർമ്മാണ യൂണിറ്റിന് ധന സഹായം അനുവദിച്ചത് - പ്രൊജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ | 3-15 | |
| 32 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടാത്തത് സംബന്ധിച്ച്. | 3-16 | |
| 33 | പി.എച്ച്.സി ക്ക് പുതിയ ബ്ലോക്ക് നിർമ്മാണം - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച് | 3-17 | |
| 34 | ഭവന നിർമ്മാണ പ്രൊജക്ടുകൾ - ധന സഹായം കൈപ്പറ്റിയ ശേഷം പ്രവൃത്തി നടത്താത്തത് സംബന്ധിച്ച്. | 3-18 | |
| 35 | മരുന്നിന്റെ വില നൽകിയത് - മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല. | 3-19 | |
| 36 | യുവതി യുവാക്കൾക്ക് പിക്ക് അപ്/ഓട്ടോറിക്ഷ – പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച് | 3-20 | |
| 37 | കരാറുകാരന് സേവന നികുതി തിരികെ നൽകിയത് - നികുതിയുടെ അടവ് വിവരം വ്യക്തമല്ല. | 3-21 | |
| ഭാഗം IV<br>ഓഡിറ്റ് പ്രത്യവലോകനം | | | |
| 38 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 39 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 40 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 41 | വായ്പ / വായ്പ തിരിച്ചടവ് | 4-4 | |
| 42 | സ്ഥിര നിക്ഷേപങ്ങൾ | 4-5 | |
| 43 | ഓഡിറ്റ് റിക്കവറി | 4-6 | |
| 44 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 | |
| 45 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 46 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 | |
| അനുബന്ധം | | | |
| 47 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1 | |
| 48 | Audit Certificate | 2 | |
| 49 | ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട് | 3 | |
| 50 | റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട് | 4 | |
| 47 | ബാലൻസ് ഷീറ്റ് | 5 | |


# ഭാഗം 1

## പൊതു അവലോകനം

### 1-1 ബജറ്റ്

2016-17 ലെ ബജറ്റ് 01-03-2016 ലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. എന്നാൽ ബജറ്റിന്റെ പകർപ്പ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | ഓൺലൈനായി ലഭിച്ച തീയതി |
|---|---|---|---|
| 2016-17 | 31/07/2017 | 22/07/2017 | 22/07/2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 29-8-2017 | ഓഡിറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിട്ടുണ്ട് |

ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. അക്കൗണ്ടിൻമേൽ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ, ചട്ടം 62(2-ഇ) പ്രകാരമുള്ള കുറിപ്പുകൾ തയ്യാറാക്കിയിട്ടില്ല.
2. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ് ) ചട്ടങ്ങൾ, ചട്ടം-57, 58 പ്രകാരമുള്ള നടപടികൾ സെക്രട്ടറി പൂർത്തീകരിച്ചിട്ടില്ല.
3. സാംഖ്യ അക്കൗണ്ടിംഗ് സമ്പ്രദായം ആരംഭിക്കുന്നതിന് മുമ്പുള്ള എല്ലാ ആസ്തികളുടെയും മൂല്യം കണക്കാക്കി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. തൻ വർഷം ആർജ്ജിച്ച എല്ലാ ആസ്തികളെയും ഉൾപ്പെടുത്തി ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല.
4. തൻ വർഷത്തെ ബജറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
5. നികുതി ഡിമാന്റ് റജിസ്റ്ററുകളിൽ വാർഷിക സംക്ഷിപ്തം രേഖപ്പെടുത്തിയിട്ടില്ല. ഇക്കാരണത്താൽ നികുതി കളക്ഷൻ, അരിയർ എന്നിവ സാംഖ്യയിൽ ബുക്ക് ചെയ്ത തുകകളുമായി ഒത്തു നോക്കാൻ സാധിച്ചിട്ടില്ല.
6. സാംഖ്യ- സഞ്ജയ ഇൻറഗ്രേഷൻ ഭാഗികമായി മാത്രമേ പൂർത്തീകരിച്ചിട്ടുള്ളൂ.
7. വൗച്ചറുകൾ ഫണ്ടടിസ്ഥാനത്തിൽ ക്രമീകരിച്ചിട്ടില്ല. വൗച്ചർ ലിസ്റ്റ് സൂക്ഷിക്കുന്നുമില്ല.
8. മുൻകൂർ റജിസ്റ്റർ, ഡെപ്പോസിറ്റ് റജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടില്ല.

മേൽ അാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-4 ധനകാര്യ വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 3,81,69,729 |
| വരവ്- | 6,20,57,829 |
| ആകെ- | 10,02,27,558 |
| ചെലവ് | 5,77,93,656 |
| നീക്കിയിരിപ്പ് | 4,24,33,902 |

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | വരവ് തുക (അലോട്ട്മെന്റ്) | ആകെ വരവ് തുക | ചെലവ് തുക | നീക്കിയിരിപ്പ് (സർക്കാർ പിൻവലിച്ചത്) | നീക്കിയിരിപ്പ് 40(b) വാർഷിക ധനകാര്യ പത്രിക പ്രകാരം | ചെലവു ശതമാനം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,63,80,968 | 1,63,80,968 | 1,38,01,294 | 2579674 | 0 | 84% |

| | | | | | | | |
|---|---|---|---|---|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 0 | 2,441616 | 2441616 | 2118594 | 323022 | 0 | 87% |
| വികസനഫണ്ട് (ടി.എസ്.പി) | 0 | 7845 | 7845 | 0 | 7845 | 0 | nil |
| സംരക്ഷണഗ്രാന്റ് (റോഡ്) | 0 | 7753458 | 7753458 | 3280453 | 4473005 | 0 | 42% |
| സംരക്ഷണഗ്രാന്റ് (റോഡിതരം) | 0 | 4514865 | 4514865 | 3674567 | 840298 | 0 | 81% |
| ധനകാര്യ കമ്മീഷൻ അവാർഡ് | 0 | 9186482 | 9186482 | 7405256 | 1781226 | 0 | 81% |
| ലോക ബാങ്ക് സഹായം | 0 | 32628 | 32628 | 32628 | 0 | 0 | 100% |
| ബി ഫണ്ട് | 0 | 4,70,58,530 | 4,70,58,530 | 4,70,58,530 | 0 | 0 | 100% |
| എം ജി എൻ ആർ ജി എസ് | 4934 | 85,76,397 | 85,81,331 | 85,78,626 | | 2705 | 99.9% |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 235 | 107494194 | 148 | 38164466 | 3 | 84 | 63% |

നിർവഹണ ഉദ്യോഗസ്ഥരുടെ പദ്ധതി ചെലവ്

| നിർവഹണ ഉദ്യോഗസ്ഥർ | അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവ് തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 9 | 1290233 | 9 | 962646 | 0 | 0 | 100 |
| വെറ്റിനറി സർജൻ | 10 | 4424075 | 8 | 1803248 | 1 | 0 | 80 |
| മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | 6 | 1230000 | 6 | 1008600 | 0 | 0 | 100 |
| വി.ഇ.ഒ | 14 | 22607794 | 9 | 26,19,795 | 0 | 5 | 64 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 5 | 5120540 | 4 | 4144512 | 0 | 1 | 80 |
| സെക്രട്ടറി | 52 | 13761812 | 35 | 6583843 | 0 | 17 | 67 |
| ഹെഡ്മാസ്റ്റർ | 11 | 3972000 | 11 | 3602400 | 0 | 0 | 100 |
| അസി.എഞ്ചിനീയർ | 111 | 30777144 | 55 | 15443278 | 0 | 56 | 50 |
| അസി. സെക്രട്ടറി | 15 | 23883950 | 10 | 1569498 | 0 | 5 | 67 |

## 1-7 തനത് വരുമാനം

മുൻ വർഷത്തെ അപേക്ഷിച്ച് ഗ്രാമ പഞ്ചായത്തിന് തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 10% വർധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ (ഇനം തിരിച്ച്) | | | | |
| വസ്തു നികുതി | 56,81,013 | 62,73,596 | | |
| സേവന നികുതി | 0 | 0 | | |
| തൊഴിൽ നികുതി | 13,45,410 | 14,70,580 | | |
| വിനോദ നികുതി | 0 | 0 | | |
| പരസ്യ നികുതി | 0 | 0 | | |
| | 70,26,423 | 77,44,176 | 7,17,753 | +10% |
| നികുതിയേതര വരവുകൾ (ഇനം തിരിച്ച്) | | | | |
| ലൈസൻസ് (ഡി ആന്റ് ഒ) | 54300 | 67,670 | | |
| മാർക്കറ്റ് | 19450 | 7400 | | |
| കെ പി ബി ആർ (പെർമിറ്റ്,റഗു,അപേക്ഷ ഫീസ്) | 3,54,126 | 4,19,075 | | |
| ജനന മരണ വിവാഹം | 75,205 | 67,650 | | |
| വാടക | 0 | 0 | | |
| ലേലം | 59464 | 5248 | | |
| | 5,62,545 | 5,67,043 | 4498 | +1% |
| മറ്റ് വരവുകൾ (ഇനം തിരിച്ച്) | | | | |
| പാരാ മെഡിക്കൽ രജിസ്ട്രേഷൻ | 600 | 900 | | |
| ബിലേറ്റഡ് ഫീ | 5485 | 7055 | | |
| പലിശ (സ്ഥിര നിക്ഷേപം) | 0 | 69791 | | |
| പലിശ (ബാങ്ക് അക്കൗണ്ടുകൾ) | 101313 | 15164 | | |
| വിൽപന(ടെൻഡർ,ഫോമുകൾ,സ്റ്റോർ) | 50,505 | 84,961 | | |
| മറ്റു വരവുകൾ | 38158 | 27161 | | |
| ഫൈൻ | 1,96,626 | 2,64,600 | | |
| | 3,92,687 | 4,69,632 | 76,945 | +20% |
| ആകെ | 79,81,655 | 87,80,851 | 7,99,196 | (+) 10 % |

കുറിപ്പ് : മുൻ വാർഷിക ധനകാര്യപത്രിക പ്രകാരമാണ് 2015-16 വർഷത്തെ കണക്കുകൾ എടുത്തിട്ടുള്ളത്

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

എ) തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 54120 | 31 |

| | | |
|---|---|---|
| കർഷക തൊഴിലാളി വേതനം | 18,72,230 | 222 |
| വിധവാ പെൻഷൻ | 16,54,5950 | 1753 |
| വാർദ്ധക്യകാല പെൻഷൻ | 2, 28,03,365 | 2517 |
| വികലാംഗ പെൻഷൻ | 43,60,065 | 478 |
| വിവാഹ ധനസഹായം (സാധുക്കളായ വിധവകളുടെ പെൺമക്കൾക്ക്) | 810000 | 27 |
| 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4,22,800 | 41 |

ബി) സാമൂഹ്യക്ഷേമ പദ്ധതികളുടെ നിർവഹണത്തിലെ കാര്യ പ്രാപ്തി

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകളുടെ എണ്ണം | നിശ്ചിത ദിവസത്തിനകം തീരുമാനമെടുത്തവ | നിരസിച്ചവ | കാലതാമസ മുണ്ടെങ്കിൽ പരിഹാര മാർഗ്ഗം |
|---|---|---|---|---|---|
| 1 | തൊഴിൽ രഹിത വേതനം | - | - | - | - |
| 2 | കർഷക തൊഴിലാളി വേതനം | - | - | - | - |
| 3 | വിധവാ പെൻഷൻ | 185 | 185 | - | - |
| 4 | വാർദ്ധക്യകാല പെൻഷൻ | 679 | 679 | 4 | - |
| 5 | വികലാംഗ പെൻഷൻ | 48 | 48 | - | - |
| 6 | വിവാഹ ധനസഹായം | 27 | 27 | - | - |
| 7 | 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2 | 2 | - | - |

| | | | | | |
|---|---|---|---|---|---|
| | | | | | |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.08.2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 76,198/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

മാസ്റ്റർ ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലേതുൾപ്പെടെയുള്ള നിർവഹണ ഉദ്യോഗസ്ഥരുടെ പേര്, തസ്തിക, ഓഫീസിൽ ജോലിക്ക് ചേർന്ന തിയ്യതി, കാലയളവ്, റിട്ടയർമെന്റ് തിയ്യതി, സ്ഥലം മാറിപ്പോയ തിയ്യതി, ഓഫീസ് വിലാസം, സ്ഥിരം മേൽവിലാസം എന്നിവ രേഖപ്പെടുത്തുന്ന മാസ്റ്റർ ഇൻകുമ്പൻസി (കൈമാറിക്കിട്ടിയ സ്ഥാപനങ്ങളിലെയും എല്ലാ നിർവഹണ ഉദ്യോഗസ്ഥരുടെയും വിവരങ്ങളും കൂടി ഉൾപ്പെടുത്തി) രജിസ്റ്റർ പഞ്ചായത്ത് സൂക്ഷിക്കുന്നില്ല. ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി മാസ്റ്റർ ഇൻക്യുംബൻസി രജിസ്റ്റർ തയ്യാറാക്കേണ്ടതാണ്. മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവഹണം നടത്തിയ മരുന്ന് വാങ്ങൽ പ്രൊജക്ടുകളിൽ അവ രേഖപ്പെടുത്തി സൂക്ഷിക്കേണ്ട സ്റ്റോക്ക് രജിസ്റ്റർ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. 7.46 ലക്ഷം രൂപയാണ് മരുന്നുകൾക്കായി മുൻകൂറായി നൽകിയിട്ടുള്ളതെങ്കിലും ആയതിന്റെ ലഭ്യതാ വിവരങ്ങൾ അറിയാൻ കഴിയാത്ത അവസ്ഥയാണുള്ളത്. ആയത് അത്യന്തം ഗൗരവമർഹിക്കുന്നു. ഈ അവസ്ഥ എത്രയും പെട്ടെന്ന് പരിഹരിക്കപ്പെടേണ്ടതാണ്.

സൂപ്പർവിഷൻ ചുമതലയുള്ള ഉദ്യോഗസ്ഥർ റജിസ്റ്ററുകളും രേഖകളും പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-6-2017 മുതൽ 20-6-2017 വരെ | 1-3-2017 മുതൽ 31-5-2017 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30-7-2012 മുതൽ 12-8-2012 വരെ | 2004-05 മുതൽ 2009-10 വരെ | 24.09.2012 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വെറ്റി.സർജൻ - പിരിച്ച ഗുണഭോക്തൃവിഹിതം പൂർണ്ണമായി അടവാക്കിയില്ല

മൃഗസംരക്ഷണ മേഖലയിലുള്ള വിവിധ പ്രൊജക്ടുകൾക്കായി ഓഡിറ്റ് വർഷത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന വെറ്റി.സർജൻ ഗുണഭോക്തൃ വിഹിതം പിരിക്കുകയും തുക പഞ്ചായത്തിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദ വിവരങ്ങൾ പരിശോധിച്ചതിൽ പിരിച്ച തുക പൂർണ്ണമായും അടവാക്കിയിട്ടില്ലെന്ന് കാണുന്നു. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| രശീതി പുസ്തകങ്ങളുടെ നമ്പർ | ആകെ പിരിച്ച തുക | അടവാക്കിയ തുക | കുറവ് | രശീതി നമ്പർ/തീയതി |
|---|---|---|---|---|
| 59938,39,40,41,42,43, 44,45,46,47,24880,24881 | 3,11,890 | 3,11,530 | 360 | 11610100595//17-9-16, 11610100774/ 26-9-16, 11610100959/30-9-16, 11610101213/14-10-16. |

| | | | | |
|---|---|---|---|---|
| | | | | 11610106284/20-3-17,<br>116106698/22-3-17,<br>116106832/23-3-17,<br>11610106868/24-3-17 |

കുറവ് വന്ന തുക ബന്ധപ്പെട്ട വെറ്റി.സർജനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി കുറവായി ഈടാക്കി

താനാളൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ഹോസ്പിറ്റൽ അറ്റൻഡന്റ് ശ്രീവി.സി.ബേബിക്കുട്ടി 2016-17ലെ രണ്ട് അർദ്ധ വർഷങ്ങളിലും 1000 രൂപ വീതം തൊഴിൽ നികുതി അടവാക്കിയിട്ടുണ്ട്. ടിയാന്റെ വരുമാനത്തിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| അർദ്ധ വർഷം | അടിസ്ഥാന ശമ്പളം | ക്ഷാമബത്ത | ആകെ | അടവാക്കിയ നികുതി | രശീതി നമ്പർ/തീയതി |
|---|---|---|---|---|---|
| I | 1,12,000 | 10,080 | 1,22,080 | 1000 | 11610100382/3-9-16 |
| II | 1,14,000 | 1,460 | 1,24,260 | 1000 | 11610107087/27-3-17 |

ഒരു സാമ്പത്തിക വർഷത്തെ ബോണസ്/ഫെസ്റ്റിവൽ അലവൻസ് നേർ പകുതി വീതം രണ്ട് അർദ്ധ വർഷത്തെയും വരുമാനത്തിൽ ഉൾപ്പെടുത്തേണ്ടതാണെങ്കിലും (സർക്കുലർ നമ്പർ. 35917/01/00/LSGD, തീ: 27-7-00) മേൽ ജീവനക്കാരന്റെ വരുമാനത്തിൽ ആയത് രണ്ട് അർദ്ധ വർഷങ്ങളിലും ഉൾപ്പെടുത്തിയിട്ടില്ല. ആയത് കൂടി ഉൾപ്പെടുത്തുമ്പോൾ ടിയാന്റെ II Halfലെ വരുമാനത്തിൽ ചുവടെ കൊടുത്തിരിക്കും പ്രകാരമുള്ള വർദ്ധനവ് വരുന്നു.

ആകെ വരുമാനം( II Half) :1,24,260 + 1200 = 1,25 460 രൂപ

ആനുപാതിക നികുതി : 1250 രൂപ

അടവാക്കിയ തുക : 1000 രൂപ

കുറവ് : 250 രൂപ
അവശേഷിക്കുന്ന തുക ടിയാനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-3 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല

I) 2016-17വർഷത്തിൽ ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ രണ്ട് അർദ്ധ വർഷങ്ങളിലും സ്ഥാപനനികുതി അടവാക്കിയിട്ടില്ല.

1) കെ.എസ്.ഇ.ബി.

2) ബി,എസ്.എൻ.എൽ.

3) മാവേലി സ്റ്റോർ

ടി സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കേണ്ടതാണ്.

## 2-4 യന്ത്രത്തിന്റെ പവറിന് ആനുപാതികമായി ലൈസൻസ് ഫീ ഈടാക്കിയില്ല

ശ്രീ മോയിൻകുട്ടി, മാനേജിംഗ് പാർട്ട്ണർ, ജിയോ പ്ലാസ്റ്റിക്സ് & പോളിമേഴ്സ്, വട്ടത്താണി എന്നവരുടെ സ്ഥാപനത്തിന് 2016-17 വർഷത്തിലേക്കുള്ള D & O ലൈസൻസ് പുതുക്കി നൽകിയപ്പോൾ ലൈസൻസ് ഫീ ഇനത്തിൽ ഈടാക്കേണ്ട തുകയേക്കാൾ കുറഞ്ഞ തുകയാണ് ഈടാക്കിയിട്ടുള്ളത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ടി സ്ഥാപനത്തിൽ ഉപയോഗിക്കുന്ന യന്ത്രത്തിന്റെ പവർ : 360 HP

1 മുതൽ 200 വരെ HPക്ക് ഈടാക്കേണ്ട ഫീ : 2000രൂപ

തുടർന്നുള്ള ഓരോ HPക്കും10 രൂപ വീതം 360 HPക്ക് ഈടാക്കേണ്ട ആകെ തുക =2000 + 160x10 = 3600 രൂപ

ഈടാക്കിയ ഫീ : 3000 രൂപ(രശീതി നമ്പർ/തീ:115131054,55,56/23-2-16)

കുറവ് : 600 രൂപ

അവശേഷിക്കുന്ന തുക, 600 രൂപ കൂടി ടിയാനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-5 ഡി & ഒ ലൈസൻസ് ഫീ - ബിലേറ്റഡ് ഫീ ഈടാക്കിയില്ല

2016-17 വർഷത്തിൽ D & O ലൈസൻസ് പുതുക്കി അനുവദിച്ച ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ താമസിച്ചാണ് അപേക്ഷ സമർപ്പിച്ചതെങ്കിലും അവരിൽ നിന്നും 1996ലെ കേരളാ പഞ്ചായത്തീരാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കുമുള്ള ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ 19-ം ചട്ട പ്രകാരമുള്ള അധിക ഫീ ചുമത്തിയതായി കാണുന്നില്ല. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വ്യാപാരി | സ്ഥാപനം | ഈടാക്കിയ ലൈസൻസ് ഫീ | രശീതി നമ്പർ/തീയതി |
|---|---|---|---|
| മുഹമ്മദ് അഷ്റഫ് | Plastic bottle pressing unit | 500 | 11613100274/13-4-16 |
| ഹുസൈൻ | Rice Mill | 300 | 11673100420/21-4-16 |
| അബ്ദുൾ ജബ്ബാർ | Ice Cream Plant | 4000 | 11613100780/6-5-16 |
| അബൂബക്കർ ഹാജി | Ice Plant | 300 | 11613100878/12-5-16 |
| മുഹമ്മദ്കുട്ടി ഹാജി | Ice Cream Plant | 4000 | 11613101707/27-6-16 |
| സുലൈമാൻ | Furniture Shop | 1000 | 11613101904/11-7-16 |
| ആകെ = | | 10,100 രൂപ | |

25 % നിരക്കിൽ അധിക ഫീ ഇനത്തിൽ 2,525 കൂടി ടിയാളുകളിൽ നിന്നും ഈടാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ആനുപാതികമായ ഗുണഭോക്തൃവിഹിതം പിരിക്കാതെ 100% സബ്സിഡി അനുവദിച്ചു.

2016-17 വർഷത്തിൽ കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ "ഔഷധ സസ്യ കൃഷി" എന്ന പ്രൊജക്ട് പ്രകാരം (Pr.No. S0175/17) തൻവർഷത്തിൽ 24,750രൂപ തനത് ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട് (Try.Cheque No.2235545, തീ: 22-2-17). പ്രൊജക്ട് പ്രകാരം 100% സബ്സിഡി നൽകുന്നതിനായി 25,000 രൂപ വകയിരുത്തുകയും 16 വ്യത്യസ്ത ഇനത്തിൽ പെട്ട വിവിധ ഔഷധ സസ്യങ്ങൾ സർക്കാർ ഏജൻസിയായ VFPCK യിൽ നിന്നും വാങ്ങി 75 ഗുണഭോക്താക്കൾക്കായി നൽകിയതിന്റെ മൊത്തം ചെലവ്, 24,750 രൂപ തനത് ഫണ്ടിൽ നിന്നും വഹിക്കുകയുമാണ് ചെയ്തിട്ടുള്ളത്.

ത.സ്വ.ഭ.വ.സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും (2016-17 വർഷം) സംബന്ധിച്ച സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ: 4/16/LSGD, തീ:11-1-16 പ്രകാരം നെൽവിത്തുകൾ, പച്ചക്കറി വിത്തുകൾ, പച്ചക്കറി തൈകൾ എന്നിവക്ക് 80%വും മറ്റ് ഫല – പുഷ്പ – വാഴക്കിഴങ്ങ്, ഔഷധ സസ്യ കൃഷിക്കുള്ള വിത്തുകളും തൈകളും എന്നിവക്ക് 75%വും സബ്സിഡി നൽകാവുന്നതാണ്. ടി ഉത്തരവിൽ ഭേദഗതി വരുത്തിക്കൊണ്ട് 22-12-16 തീയതിയിൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് (സാധാ) നമ്പർ:3495/16/LSGD പ്രകാരം ജനകീയാസൂത്രണ പദ്ധതിയിൽ നടീൽ വസ്തുക്കൾക്കും പച്ചക്കറി വിത്തുകൾക്കും 100% സബ്സിഡി നൽകാൻ അനുമതി നൽകിയിരുന്നു. ആയത് പച്ചക്കറി ഇനത്തിൽ പെട്ട വിത്തുകൾക്കും നടീൽ വസ്തുക്കൾക്കും മാത്രമാണ് ബാധകമായിട്ടുള്ളത്. ഔഷധ സസ്യങ്ങളെ സംബന്ധിച്ച് 11-1-16 തീയതിയിലെ മേൽ ഉത്തരവിലെ നിബന്ധനകളാണ് ബാധകമായിട്ടുള്ളത്. ആയത് പ്രകാരം ആകെ ചെലവിന്റെ 25% തുക (6188 രൂപ) ഗുണഭോക്താക്കളിൽ നിന്നും ഈടാക്കേണ്ടതായിരുന്നു.

ആയതിനാൽ പരിധിയിൽ കവിഞ്ഞ് സബ്സിഡി ഇനത്തിൽ നൽകിയ തുക, 6188 രൂപ നിർവ്വഹണ ഉദ്യോഗസ്ഥയായിരുന്ന കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-2 മരുന്നുകൾ വാങ്ങൽ - സ്റ്റോക്ക് വിവരം ലഭ്യമാക്കിയില്ല

മെഡിക്കൽ ഓഫീസർ (ആരോഗ്യം) നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ പ്രൊജക്ടുകൾ പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി 2016-17 വർഷത്തിൽ ചുവടെ കൊടുത്തിരിക്കും പ്രകാരം തുകകൾ ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്ട്/നമ്പർ | തുക | ട്രഷറി ബിൽ നമ്പർ/തീയതി | ഫണ്ട് | ഏജൻസി |
|---|---|---|---|---|
| ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ, SO143/17 | 50,000 | 2/16-17, 24-11-16 | MG(NR) | HOMCO |
| സ്നേഹ മരുന്ന് വാങ്ങൽ, SO144/17 | 3,96,000 | 10/16-17,6-3-17 | Plan (Gl) | KMSCL |
| PHCയിലേക്ക് മരുന്നുകൾ, SO142/17 | 2,00,000 | 11/16-17, 6-3-17 | Plan(Gl) | KMSCL |
| പരിരക്ഷ | 1,00,000 | Try.Cheque No.2235584/ 15-3-17 | തനത് ഫണ്ട് | KMSCL |
| ആകെ = | 7,46,000രൂപ | | | |

ടി തുകക്കുള്ള മരുന്നുകൾ ലഭ്യമായതിന്റെയും ആയത് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിന്റെയും വിവരങ്ങൾ പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക, 7,46,000 രൂപ തടസ്സം ചെയ്യുന്നു.

## 3-3 പശു വളർത്തൽ - വിശദ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് :പശു വളർത്തൽ

പ്രൊജക്ട് നമ്പർ : SO088/17

ചെലവ് : 9,90,000

ഫണ്ട് : വികസന ഫണ്ട്

മേൽ പ്രൊജക്ട് പ്രകാരം ഒരു ഗുണഭോക്താവിന് പശുക്കളെ വാങ്ങുന്നതിന് 15,000 രൂപ വീതം 66 ഗുണഭോക്താക്കൾക്കായി 9,90,000 രൂപ ചെലവഴിച്ചിട്ടുണ്ട് (Try. Bill Nos.9,10/16-17). Bank loan linked project ആയതിനാൽ സബ്സിഡി തുക ഗുണഭോക്താക്കളുടെ loan account ലേക്കാണ് കൈമാറിയിട്ടുള്ളത്. ടി പ്രൊജക്ടിന്റെ മോണിറ്ററിംഗ് കമ്മറ്റി റിപ്പോർട്ടിൽ ചുവടെ കൊടുത്തിരിക്കുന്ന രണ്ട് ഗുണഭോക്താക്കളുടെ പേര് ഉൾപ്പെട്ടിട്ടില്ലെന്ന് കാണുന്നു.

1) കദീജ യാഹു പുല്ലുണി

2) ഹംസ തോട്ടുങ്ങൽ

ടിയാളുകൾ പശുവിനെ വാങ്ങിയിട്ടുണ്ടെങ്കിലും ബാങ്ക് അധികൃതർ പരിശോധിച്ചതിന് ശേഷം മാത്രമേ അവരുടെ ലോൺ അക്കൗണ്ടിലേക്ക് സബ്സിഡി കഴിച്ചുള്ള തുക അനുവദിക്കൂ എന്നും ബാങ്ക് മേൽ ഗുണഭോക്താക്കളുടെ കാര്യത്തിൽ പരിശോധന നടത്തിയിട്ടില്ലാത്തതിനാൽ അവർക്ക് സബ്സിഡി കഴിച്ചുള്ള ലോൺ തുക അനുവദിച്ചിട്ടില്ലെന്നും ആയതിനാലാണ് മേൽ ഗുണഭോക്താക്കളെ മോണിറ്ററിംഗ് കമ്മറ്റിയുടെ റിപ്പോർട്ടിൽ ഉൾപ്പെടുത്താതിരുന്നതെന്നും നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന വെറ്റി. സർജൻ വിശദീകരിക്കുകയുണ്ടായി. ആയതിനാൽ മേൽ ഗുണഭോക്താക്കൾക്ക് വായ്പ ലഭ്യമായതിന്റെ വിവരങ്ങൾ പ്രഥമ മറുപടിയിൽ വ്യക്തമാക്കേണ്ടതാണ്. ചെലവ് തുക, 30,000 രൂപ തടസ്സം ചെയ്യുന്നു.

## 3-4 ആശ്രയ പദ്ധതി - കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കേണ്ടതാണ്

ഗ്രാ.പ.ലെ ആശ്രയ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 13,85,036 രൂപയാണ് ചെലവഴിച്ചിട്ടുള്ളത് (അടങ്കൽ: 52,46,900 രൂപ). 2-2-16ലെ സ.ഉ.(സാധാ)3287/2016/LSGD പ്രകാരം തുടർ സേവന പദ്ധതി (അടങ്കൽ: 95,39,280) 2017-18 വരെ നടപ്പിലാക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. 1,97,02,100 രൂപ അടങ്കലുള്ള രണ്ടാം ഘട്ടത്തിനും ഇതേ ഉത്തരവ് പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഒന്നാം ഘട്ട പദ്ധതിക്കാലയളവിൽ ഭക്ഷണം, വസ്ത്രം, പെൻഷൻ എന്നീ ഇനങ്ങളിൽ യാതൊരു തുകയും ചെലവഴിച്ചിട്ടില്ലെന്ന് കാണുന്നു (ആയതിന് യഥാക്രമം 100800, 30500,26400 രൂപ അടങ്കലുണ്ടായിരുന്നു). തുടർ പദ്ധതിയിലും ഓഡിറ്റ് തീയതി വരെയും ഭക്ഷണത്തിന് തുക ചെലവഴിച്ചിട്ടില്ല. 2016-17 വർഷത്തിൽ ആശ്രയ പദ്ധതിക്കായി ആകെ 1,00,000 രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (ഭവന നിർമ്മാണം - 50,000 രൂപ വീതം 2 ഗുണഭോക്താക്കൾക്ക്).

തുടർപദ്ധതിക്ക് 2017-18 വരെ മാത്രമാണ് അംഗീകാരം ഉള്ളത് എന്നതിനാൽ ആയത് വരെ മാത്രമേ വകയിരുത്തിയതിൽ ലഭ്യമായ തുകകൾ ചെലവഴിക്കാനാവൂ. ആയതിനാൽ അടുത്ത സാമ്പത്തിക വർഷത്തിൽ അർഹരായ ആശ്രയ ഗുണഭോക്താക്കൾക്ക് നൽകാവുന്ന പരമാവധി ആനുകൂല്യങ്ങൾ നൽകി ആശ്രയ പദ്ധതി കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-5 പി.എം. എ. വൈ. വിഹിതം- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

പി.എം. എ. വൈ. ഗ്രാമ പഞ്ചായത്ത് വിഹിതമായി താഴെ കൊടുത്തിട്ടുള്ള വിധം തുകകൾ താനൂർ ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ടി തുകയുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രൊജക്റ്റ് | പ്രൊജക്റ്റ് നമ്പർ | തുക | ബിൽ / വൗച്ചർ നമ്പർ |
|---|---|---|---|---|
| അസി. സെക്രട്ടറി | പി.എം. എ. വൈ. വിഹിതം (എസ്.സി) | 161 /17 | 60000 | 3/ 20-2-2017 |
| ടി | ഐ.എ.വൈ. 2015-16 അധിക വിഹിതം | 250 /17 | 100000 | 4/ 20-2-2017 |
| സെക്രട്ടറി | പി.എം.എ. വൈ. വിഹിതം (ജനറൽ) | 99/17 | 273500 | 20/ 7-3-2017 |

ആകെ- 4,33,500

താനൂർ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ടി- തുകയുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 4/29-8-2017 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കുകയോ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 433500 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-6 ചെലവിന് ആധാരമായ അനുബന്ധ രേഖകൾ ഹാജരാക്കിയിട്ടില്ല.

താഴെ കൊടുത്തിരിക്കുന്ന വൗച്ചറുകൾ പ്രകാരമുള്ള ചെലവുകൾക്ക് ആധാരമായ അനുബന്ധ രേഖകൾ 5/29-8-2017 നമ്പർ ഓഡിറ്റ് എൻക്വയറിയിലൂടെ ആവശ്യപ്പെട്ടുവെങ്കിലും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

| വൗച്ചർ / ബിൽ നമ്പർ | ചെലവിന്റെ വിശദ വിവരം | ചെലവ് തുക | ലഭ്യമാക്കാത്ത ചെലവ് രേഖ |
|---|---|---|---|

| | | | |
|---|---|---|---|
| 21600115/ 1-6-16 | ഉറവിട മാലിന്യ സംസ്കരണ ഫണ്ട് ശുചിത്വ മിഷൻ സംസ്ഥാന എക്സി. ഡയറക്ടർക്ക് തിരികെ നൽകിയത്. | 135000 | ശുചിത്വ മിഷനിൽ നിന്നും കൈപ്പറ്റ് രശീതി ലഭ്യമാക്കിയിട്ടില്ല. |
| 21600518 /3-11-2016 21600519/3-11-16 | ഹോമിയോ ആശുപത്രി കെട്ടിട നിർമ്മാണത്തിനുള്ള സ്ഥലവും ഒമ്പതാം വാർഡിൽ അങ്കണവാടിക്ക് വിട്ട് കിട്ടിയ സ്ഥലവും റജിസ്റ്റർ ചെയ്യുന്നതിന് ചെലവായത്. | 6870 7530 | ഭൂമി റജിസ്റ്റർ ചെയ്ത് പഞ്ചായത്തിന്റെ ആസ്തിയായി കണക്കാക്കി ആസ്തി റജിസ്റ്ററിൽ ഉൾപ്പെടുത്തിയ വിവരം. |
| 21600800/ 1-2-17 | ശ്രീ.ഷാജി.പി.എം. അക്കൗണ്ടന്റിന്റെ ഓണം മുൻകൂർ തുക ശമ്പളത്തിൽ നിന്നും ഈടാക്കിയത് ടി-യാൻ സ്ഥലം മാറിവന്ന വോർക്കാടി ഗ്രാമ പഞ്ചായത്തിലേക്ക് അടവാക്കുന്നതിന് വേണ്ടി പിൻവലിച്ചത്. | 6000 | വോർക്കാടി ഗ്രാമ പഞ്ചായത്തിന്റെ സാംഖ്യ രശീതി ഹാജരാക്കിയില്ല. |
| ബിൽ നമ്പർ-12/ 23-2-17 | സോഷ്യൽ സെക്യൂരിറ്റി മിഷന് ധനസഹായം നൽകിയത്.<br>പ്രൊജക്റ്റ് നമ്പർ- 246/17 | 300000 | സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| ബിൽ നമ്പർ-11/ 23-2-2017 | ഡി.പി.സി കെട്ടിട നിർമ്മാണത്തിന് സംഭാവന നൽകിയത്.<br>പ്രൊജക്റ്റ് നമ്പർ-244 /17 | 200000 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 21600845/ 9-2-17 | ജില്ലാ പഞ്ചായത്ത് നടപ്പാക്കുന്ന തെരുവ് നായ പ്രജനന നിയന്ത്രണ പരിപാടി (എ.ബി.സി.പരിപാടി) എന്ന പ്രൊജക്റ്റിന് ജില്ലാ മൃഗസംരക്ഷണ | 100000 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| | ഡെപ്യൂട്ടി ഡയറക്ടർക്ക് വിഹിതം നൽകിയത്. | | |

ആകെ - 7,55 ,400

മേൽ ചെലവിന് ആധാരമായ രേഖകൾ /വിനിയോഗ സാക്ഷ്യപത്രം എന്നിവയുടെ അഭാവത്തിൽ ചെലവ് തുക 7,55,400 രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-7 കുടിവെള്ള കിണർ- ധന സഹായം അധികം നൽകി.

അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി താഴെ കൊടുത്തിട്ടുള്ള പ്രൊജക്റ്റ് പ്രകാരം രണ്ട് ഗുണഭോക്താക്കൾക്ക് കുടിവെള്ള കിണർ കുഴിക്കുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്.

| പ്രൊജക്റ്റ് നമ്പറും പേരും | ഗുണഭോക്താവിന്റെ പേര് | നൽകിയ തുക | ബിൽ നമ്പർ |
|---|---|---|---|
| കുടിവെള്ള കിണർ നിർമ്മാണം (എസ്.സി.) പ്രൊജക്റ്റ്നമ്പർ- 70/ 17 | അയ്യ, മഠത്തിൽ, താനാളൂർ | 17500 | 2/22-10-2016 |
| | ഉണ്ണി.പി, പൂണക്കോട്ടിൽ, കെ-പുരം, താനാളൂർ. | 17500 | 11/31-3-2017 |
| | ആകെ- | 35000 | |

11-1-2016- ലെ ജി.ഒ.(എം.എസ്) 4 /2016/ത.സ്വ.ഭ.വ നമ്പർ മാർഗ്ഗരേഖ പ്രകാരം പട്ടികജാതി വിഭാഗത്തിന് പുതിയ തുറന്ന കിണർ നിർമ്മിക്കുന്നതിന് ഇടനാട് പ്രദേശത്ത് പരമാവധി നൽകാവുന്ന സബ്സിഡി തുക 17000 രൂപയാണ്. എന്നാൽ മേൽ രണ്ട് ഗുണഭോക്താക്കൾക്കും 17500 രൂപ നിരക്കിൽ നൽകിയത് മൂലം ആയിരം രൂപ സബ്സിഡിയിനത്തിൽ അധികം നൽകിയിട്ടുണ്ട്.

അധിക സബ്സിഡി നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട്കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അർഹമായതിനേക്കാൾ അധികം നൽകിയ 1000 രൂപ ഉത്തരവാദിയായ അസി. സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-8 എസ്.സി വൃദ്ധർക്ക് കട്ടിൽ- പൂർണ്ണമായി വിതരണം ചെയ്തിട്ടില്ല.

60 കഴിഞ്ഞ എസ്.സി വൃദ്ധർക്ക് കട്ടിൽ നൽകൽ എന്ന പ്രൊജക്റ്റ് പ്രകാരം (പ്രൊജക്റ്റ് നമ്പർ-75/ 17) 1,74,498 രൂപ മുടക്കി സിഡ്കോ-യിൽ നിന്നും 50 സ്റ്റീൽ കട്ടിലുകൾ വാങ്ങിയിട്ടുണ്ട്. (ട്രഷറി ബിൽ നമ്പർ-9 /31-3-2017). എന്നാൽ 21 കട്ടിലുകൾ മാത്രമാണ് നാളിതു വരെയായി വിതരണം ചെയ്തിട്ടുള്ളത്. ബാക്കി കട്ടിലുകൾ ഗ്രാമ പഞ്ചായത്ത് ഓഫീസിൽ വിതരണം ചെയ്യാതെ അവശേഷിക്കുന്നുണ്ട്. കട്ടിലുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 29 കട്ടിലുകളുടെ വില 1,01,209/- രൂപ (174498/50 x 29) തടസ്സം ചെയ്യുന്നു.

## 3-9 എസ്.എസ്.എ. വിഹിതം - സിവിൽ വർക്കുകളുടെ നിലവിലെ സ്ഥിതി വിവരവും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമല്ല.

2016-17 വർഷത്തിൽ ഹെഡ് മാസ്റ്റർ, ജി.എൽ.പി.എസ് കെ-പുരം നിർവ്വഹണ ഉദ്യോഗസ്ഥനായി 15,00,000 രൂപ എസ്.എസ്.എ. വിഹിതമായി ജില്ലാ പ്രൊജക്റ്റ് ഓഫീസർക്ക് നൽകിയിട്ടുണ്ട്. (ബിൽ നമ്പർ- 1 /2016-17,

26-10-2016). പ്രസ്തുത തുകയ്ക്കുള്ള വിനിയോഗ സാക്ഷ്യപത്രം എസ്.എസ്.എ.യിൽ നിന്നും ലഭ്യമാക്കിയിട്ടില്ല.

എസ്.എസ്.എ. പ്രൊജക്റ്റ് ഓഫീസറുടെ 24-6-2016 AC/ 245/2016/SSA/MPM നമ്പർ വാർഷിക കർമ്മ പദ്ധതിയിൽ 130000 രൂപ ഒരു ഗേൾസ് ടോയ്‌ലറ്റിനും 34 ലക്ഷം രൂപ നാല് അഡീഷണൽ ക്ലാസ് റൂമുകൾക്കും വകയിരുത്തിയിരുന്നു. എന്നാൽ പ്രൊജക്റ്റിൽ ഉൾപ്പെടുത്തിയ മേൽ സിവിൽ വർക്കുകളുടെ നിലവിലെ സ്ഥിതി വിവരം ലഭ്യമായിട്ടില്ല. വിദ്യാഭ്യാസ വർക്കിംഗ് ഗ്രൂപ്പിന്റെയും ഗ്രാമപഞ്ചായത്ത് വിദ്യാഭ്യാസ കമ്മിറ്റിയുടേയും അറിവോടെയും പങ്കാളിത്തത്തോടെയും നടപ്പാക്കേണ്ടതായ എസ്.എസ്.എ. പദ്ധതിയിൽ ഉൾപ്പെട്ട മേൽ വർക്കുകളുടെ നിലവിലെ സ്ഥിതിവിവരം എസ്.എസ്.എ.യിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. കൂടാതെ എസ്.എസ്.എ. യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രവും ലഭ്യമാക്കേണ്ടതാണ്. വിനിയോഗ സാക്ഷ്യപത്രത്തിന്റെ അഭാവത്തിൽ ചെലവ് തുക 15 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 3-10 ടച്ച് സ്ക്രീൻ പ്രവർത്തനക്ഷമമാക്കിയിട്ടില്ല.

ഫ്രണ്ട് ഓഫീസിലേക്ക് ടച്ച് സ്ക്രീൻ വാങ്ങൽ എന്ന പ്രൊജക്റ്റ് പ്രകാരം (പ്രൊജക്റ്റ് നമ്പർ- 243/17) കെൽട്രോണിൽ നിന്നും താഴെ കൊടുത്തിട്ടുള്ള വിധം 128000രൂപ വില വരുന്ന ടച്ച് സ്ക്രീൻ കിയോസ്ക് വാങ്ങിയിട്ടുണ്ട്.

| ബിൽ /വൗച്ചർ നമ്പർ | കെൽട്രോണിന് നൽകിയ തുക | ഇൻവോയ്സ് നമ്പർ |
|---|---|---|
| 51 /31-3-2017<br><br>21601203/ 31-3-17 | 104000 (പ്ലാൻ)<br><br>24000(തനത്) | KSEDC/CLT/PRO/<br><br>16-17/943/24-3-17 |

എന്നാൽ ടച്ച് സ്ക്രീൻ നാളിതു വരെ പ്രവർത്തനക്ഷമമാക്കിയിട്ടില്ല. ടച്ച് സ്ക്രീൻ സപ്ലൈ ചെയ്തതിന്റെയും സ്റ്റോക്കിലെടുത്തതിന്റെയും വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് കൊണ്ട് നൽകിയ 11/3-8-17 നമ്പർ ഓഡിറ്റ് എൻക്വയറിക്കുള്ള മറുപടിയിൽ ടച്ച് സ്ക്രീൻ സപ്ലൈ ചെയ്ത ഉടനെ പ്രവർത്തന തകരാർ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കെൽട്രോണിനെ വിവരം അറിയിച്ചുവെന്നും തകരാറുകൾ പരിഹരിച്ച് നൽകുന്ന മുറയ്ക്ക് ടച്ച് സ്ക്രീൻ പ്രവർത്തനക്ഷമമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ടച്ച് സ്ക്രീൻ എത്രയും വേഗം പ്രവർത്തനക്ഷമമാക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-11 വിദ്യാഭ്യാസ പ്രൊജക്റ്റുകൾ- പദ്ധതി മാർഗ്ഗനിർദ്ദേശം പാലിക്കുന്നില്ല

സ്ലേറ്റ് പദ്ധതി എന്ന പ്രൊജക്റ്റ് പ്രകാരം (പ്രൊജക്റ്റ് നമ്പർ-223/17) ഒന്നാം ക്ലാസിലെ കുട്ടികൾക്ക് വർക്ക് ബുക്ക് തയ്യാറാക്കൽ, അധ്യാപകർക്ക് പരിശീലനം, സി.ഡി വാങ്ങൽ, ഭക്ഷണം, സ്റ്റേഷനറി എന്നിവയ്ക്കായി തനത് ഫണ്ടിൽ നിന്നും 50000 രൂപ ചെലവഴിച്ചിട്ടുണ്ട്. (ചെക്ക് നമ്പർ- 9783397 /10-1-2017).

കൂടാതെ, സായാഹ്ന പഠന കേന്ദ്രം എന്ന പ്രൊജക്റ്റ് പ്രകാരം (പ്രൊജക്റ്റ് നമ്പർ- 224/17) തനത് ഫണ്ടിൽ നിന്നും 64,520 രൂപ പെലവഴിച്ച് പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നൽകുന്നതിന് 3000 രൂപ വീതം റമ്യൂണറേഷൻ നൽകിയിട്ടുണ്ട് (ചെക്ക് നമ്പർ-2244004/ 22-3-17). അധ്യാപക പരിശീലനങ്ങൾ, അധ്യാപകർക്കും വിദ്യാർത്ഥികൾക്കും വിതരണം ചെയ്യുന്നതിനുള്ള പുസ്തകങ്ങൾ തയ്യാറാക്കൽ, അച്ചടി, മറ്റ് പഠന സാമഗ്രികൾ തയ്യാറാക്കൽ എന്നിവ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിൽ നടന്നുവരുന്ന പ്രവർത്തനങ്ങളാകയാൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് മുമ്പ് സർക്കാർ അനുമതി വാങ്ങിച്ചിരിക്കേണ്ടതാണ് എന്ന് ജി.ഒ.(എം.എസ്.)4/2016/ത.സ്വ.ഭ.വ, തിയ്യതി- 11-1-2016 നമ്പർ പദ്ധതി മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. സന്നദ്ധ മനോഭാവത്തോടെ പ്രവർത്തിക്കാൻ തയ്യാറുള്ള അധ്യാപകർ, വിദ്യാസമ്പന്നരായ യുവതീ യുവാക്കൾ എന്നിവരെ സംഘടിപ്പിച്ചാണ് പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രത്യേക കോച്ചിംഗ് നടത്തേണ്ടതെന്നും മേൽ മാർഗ്ഗരേഖയിൽ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കാതെയാണ് മേൽ പ്രൊജക്റ്റുകൾക്ക് തുക ചെലവഴിച്ചത്. മേലിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

## 3-12 ഓതറൈസേഷൻ ഇല്ലാതെ യാത്രാ ബത്ത കൈപറ്റി.

വൗച്ചർ നമ്പർ-21600534 /5-11-2016 പ്രകാരം 44550 രൂപ ജീവനക്കാരുടെ 1/15 മുതൽ 7/15 വരെയുള്ള കാലയളവിലെ യാത്രാ ബത്ത വിതരണം ചെയ്യുന്നതിനായി പിൻവലിച്ചിട്ടുണ്ട്. മുൻ അസി. സെക്രട്ടറി, ശ്രീമതി.എൻ. ശ്രീദേവി, മുൻ അക്കൗണ്ടന്റ് രാജേഷ് ചന്ദ്രൻ, ജെ.എസ്. മുഹമ്മദ് ഹുസൈൻ ഖാൻ, ക്ലാർക്ക് അനഘ ദിനേശ് എന്നിവരുടെ പ്രസ്തുത കാലയളവിലെ യാത്രാ ബത്ത യഥാക്രമം 6746, 1600, 900, 150 എന്നിങ്ങനെ ടി- ബില്ലിൽ ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ പ്രസ്തുത തുക മേൽ ജീവനക്കാർ കൈപ്പറ്റിയതായി രേഖയില്ല. പണം വിതരണത്തിന് ചുമതലയുണ്ടായിരുന്ന ശ്രീ.കനകരാജ്, സീനിയർ ക്ലാർക്കാണ് മേൽ തുകകൾ കൈപറ്റിയിട്ടുള്ളത്. അക്വിറ്റൻസ് രജിസ്റ്ററിലെ പേജ്-66 ൽ നിന്നും ഇത് വ്യക്തമാണ്. യാത്രാ ക്ലെയിമിന് അർഹരായ ജീവനക്കാരുടെ ഓതറൈസേഷൻ കൂടാതെ പണം കൈപ്പറ്റിയ നടപടി നിയമാനുസൃതമല്ല. ടി-ജീവനക്കാർ പണം കൈപ്പറ്റിയിട്ടുണ്ടെങ്കിൽ കൈപ്പറ്റ് രശീതിയോ ഓതറൈസേഷനോ ഹാജരാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 12/30-8-17 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അക്വിറ്റൻസ് രജിസ്റ്റർ മേൽനോട്ട ചുമതലയുള്ള ഉദ്യോഗസ്ഥർ പരിശോധിക്കുന്നില്ല എന്ന് ഈ നടപടിയിൽ നിന്നും വ്യക്തമാകുന്നു. ഇത് ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു.

മേൽ ജീവനക്കാർ പണം കൈപ്പറ്റിയിട്ടുണ്ടെങ്കിൽ ആയത് രേഖാമൂലം ബോധ്യപ്പെടുത്തേണ്ടതാണ്. അല്ലാത്തപക്ഷം അനർഹമായി കൈപറ്റിയ തുക ശ്രീ. കനകരാജ്, സീനിയർ ക്ലാർക്കിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-13 അടിസ്ഥാന സൗകര്യമൊരുക്കാതെ ഉപകരണങ്ങൾ വാങ്ങി

വേസ്റ്റ് മാനേജ്മെന്റ് ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രൊജക്റ്റ് പ്രകാരം (പ്രൊജക്റ്റ് നമ്പർ-264/17) സിഡ്കോ- യിൽ നിന്നും താഴെ കൊടുത്തിട്ടുള്ള വിധം 409499 രൂപ മുടക്കി ഒരു ഇൻസിനേറ്ററും ഒരു ബെയിൽ പ്രസ്സിംഗ് മെഷീനും വാങ്ങിയിട്ടുണ്ട്.

| വാങ്ങിയ ഉപകരണങ്ങൾ | വില | സിഡ്കോ-യ്ക്ക് നൽകിയ തുക | ബിൽ/വൗച്ചർ നമ്പർ | ഇൻവോയ്സ് നമ്പർ |
|---|---|---|---|---|
| ഇൻസിനേറ്റർ-1<br>ബെയിൽ പ്രസ്സിംഗ് മെഷീൻ-1<br>(25 ടൺ കപ്പാസിറ്റി) | 109999<br>299500 | 25470<br>(തനത്)<br>384029<br>(പ്ലാൻ) | 21601202/30-3-17<br>52/ 31-3-17 | SMCMJ10342/<br>24-3-17<br>SMCMJ10341/<br>24-3-17 |
| ആകെ | 409499 | 409499 | | |

നിലവിൽ പ്ലാസ്റ്റിക് മാലിന്യ മുക്ത താനാളൂർ അഥവാ "സമഗ്രം താനാളൂർ"എന്ന പ്രൊജക്റ്റിന്റെ ഭാഗമായി വീടുകളിലും പഞ്ചായത്തിലെ പൊതു സ്ഥലങ്ങളിലും അങ്ങാടികളിലും കെട്ടിക്കിടക്കുന്ന അജൈവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്ഥാനത്തിന് പുറത്തുള്ള പുന.സംക്രമണ ശാലകളിലേക്ക് റീസൈക്ലിംഗിനായി കൊണ്ടുപോകുന്നുണ്ട്. ലോറിയിൽ കൊണ്ടുപോകുന്ന അജൈവ മാലിന്യങ്ങൾ പരമാവധി കൊണ്ട് പോകാൻ സൗകര്യമൊരുക്കുന്നതിന് വേണ്ടിയാണ് ബെയിൽ പ്രസ്സിംഗ് മെഷീൻ വാങ്ങിയിട്ടുള്ളത്.

ഓഡിറ്റിനോടനുബന്ധിച്ച് 31-8-2017 ന് ഉപകരണങ്ങൾ നേരിൽ പരിശോധിക്കുന്നതിന് ഗ്രാമ പഞ്ചായത്ത് അസി.സെക്രട്ടറി ശ്രീ.ബൈജുവിന്റെ സാന്നിദ്ധ്യത്തിൽ സ്ഥല പരിശോധന നടത്തി. ഇൻസിനേറ്റർ പി.എച്ച്.സി.യിൽ സ്ഥാപിച്ചിട്ടുള്ളതായും ബൈൽ പ്രസ്സിംഗ് മെഷീൻ ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള

പുത്തൻതെരുവിൽ സ്വകാര്യ സ്ഥലത്ത് മേൽക്കൂരയോ ഷെഡോ ഇല്ലാതെ ടാർപായ കൊണ്ട് മൂടിയ നിലയിലും കാണപ്പെട്ടു. ഇൻസിനേറ്റർ പി.എച്ച്.സി.യിൽ നിലവിൽ പ്രവർത്തിപ്പിക്കുന്നുണ്ട്. എന്നാൽ ബൈൽ പ്രസ്സിംഗ് മെഷീൻ പരിശോധന സമയത്ത് പ്രവർത്തിപ്പിക്കുന്നില്ല. കറന്റ് കണക്ഷൻ, മെഷീൻ സംരക്ഷിക്കുന്നതിനുള്ള ഷെഡ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാതെയാണ് മെഷീൻ വാങ്ങിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. മെഷീന്റെ നടത്തിപ്പ് ചുമതല ആരെയും ഏൽപ്പിച്ചതായി വിവരം ലഭ്യമാക്കിയിട്ടില്ല. അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്താതെയും നടത്തിപ്പ് സംവിധാനം ഒരുക്കാതെയും മുൻകൂട്ടി മെഷീൻ വാങ്ങിയതിന് വിശദീകരണം നൽകേണ്ടതാണ്. മെഷീന്റെ തുടർ നടത്തിപ്പും മാലിന്യ സംസ്കരണവും വിലയിരുത്തലിന് വിധേയമാക്കേണ്ടതാണ്. മെഷീൻ കാര്യക്ഷമമായി ഉപയോഗിക്കുന്നതുവരെ ചെലവു തുക തടസ്സം ചെയ്യുന്നു.

## 3-14 ഗാർഹിക മാലിന്യ സംസ്കരണ പ്രൊജക്ടുകൾ - മുൻകൂർ നൽകിയത് സംബന്ധിച്ച്

ഗാർഹിക മാലിന്യം സംസ്കരിക്കുന്നതിന് താഴെ പറയുന്ന പ്രൊജക്ടുകൾ ആവിഷ്കരിക്കുകയും, ഇതു സംബന്ധിച്ച മാർഗ്ഗരേഖകൾ അനുസരിച്ച് നിർവ്വഹണ ഏജൻസിയായ സോഷ്യോ എക്കണോമിക്ക് യൂണിറ്റ് ഫൗണ്ടേഷൻ, മലപ്പുറം എന്ന സ്ഥാപനത്തിന് പ്രൊജക്ട് അടങ്കലിന്റെ 20% തുക മുൻകൂർ നൽകുകയും ചെയ്തിട്ടുണ്ട്.

| പ്രൊജക്ടിന്റെ വിവരം | നൽകിയ തുക | മറ്റ് വിശദാംശങ്ങൾ |
|---|---|---|
| പ്രൊജക്ട്നം :207/17<br>പേര് :ഗാർഹിക ബയോഗ്യാസ് പ്ലാന്റ്<br>അടങ്കൽ : 375000/- SFC<br>750000/- കേന്ദ്രം<br>450000/- ഗുവി<br>1575000/- | 26500/- ബിൽ നം.13/28.3.17<br>31800/- ചെക്ക് നം.2244011<br>23.3.17 | ആകെയുള്ള 53 ഗുണഭോക്താക്കളിൽ നിന്നു 3000/- രൂപ വീതം ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത്, 159000/- രൂപ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. |
| പ്രൊജക്ട്നം :209/17<br>പേര് :പൈപ്പ് കമ്പോസ്റ്റ്<br>അടങ്കൽ : 135000/- SFC<br>675000/- കേന്ദ്രം<br>90000/- ഗുവി<br>900000/- | 12447/- ബിൽ നം.14/28.3.17<br>8298/- ചെക്ക് നം.2244011<br>23.3.17 | ആകെയുള്ള 461 ഗുണഭോക്താക്കളിൽ നിന്നു 90/- രൂപ വീതം ഗുണഭോക്തൃ വിഹിതം പിരിച്ചെടുത്ത്, 41490/- രൂപ പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട് |

മേൽ പ്രൊജക്ടുകളുടെ പൂർത്തീകരണ വിവരം ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി നം.17/31.8.17 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും, വിവരം ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ പ്രൊജക്ടുകൾക്ക് വേണ്ടി മുൻകൂർ നൽകിയ 58300+20745=79,045/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. പ്രൊജക്ടുകൾ പൂർത്തീകരിച്ചതിന്റെ വിവരം ഹാജരാക്കേണ്ടതാണ്.

## 3-15 ജൈവ വള നിർമ്മാണ യൂണിറ്റിന് ധനസഹായം അനുവദിച്ചത് - പ്രൊജക്ട് നിർവ്വഹണത്തിലെ ന്യൂനതകൾ

പ്രൊജക്ട്നം :156/17

അടങ്കൽ : 200000.00 പ്ലാൻ

200000.00 ഗു.വി

ചെലവ് :200000.00 ബിൽ നമ്പർ.8/25.2.17

നിർവ്വഹണം :വി.ഇ.ഒ

പ്രൊജക്ട് പ്രകാരം വാങ്ങേരി ജൂനിയർ ലേബർ ഗ്രൂപ്പ് എന്ന ജൈവവള നിർമ്മാണ യൂണിറ്റിന് രണ്ട് ലക്ഷം രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് നം.(എം.എസ്)4/2016 തീയ്യതി 11.1.2016 പ്രകാരം പുറപ്പെടുവിച്ച പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി പുതുക്കിയ മാർഗ്ഗരേഖ അനുസരിച്ച് ധനസഹായം ബാങ്കിലേക്ക് ബാക്ക് എൻഡ് സബ്സിഡിയായാണ് നൽകേണ്ടത്. എന്നാൽ ഇതിന് പകരം ഗ്രൂപ്പിന്റെ ബാങ്ക് അക്കൗണ്ടിലേക്കാണ് (അക്കൗണ്ട് നം.40186101047035 കെ.ജി.ബി ബാങ്ക്, തനാളൂർ) ധനസഹായം അനുവദിച്ചിട്ടുള്ളത്. ഈ ഗ്രൂപ്പിന്, ഗ്രേഡിംഗിന് ശേഷം, കേരള ഗ്രാമീണ ബാങ്കിന്റെ, താനാളൂർ ബ്രാഞ്ചിൽ നിന്നും നാല് ലക്ഷം രൂപ ലോൺ പാസായതിന്റെ പ്രൊവിഷണൽ അനുമതി പത്രം ഫയലിൽ ഉണ്ട്. എന്നാൽ അന്തിമമായി ലോൺ അനുവദിച്ചതിന്റെ രേഖയും, സബ്സിഡി തുക ലോൺ അക്കൗണ്ടിൽ അടച്ചതിന്റെ വിവരവും ലഭ്യമല്ല. അതുപോലെ, പ്രൊജക്ടിൽ വകയിരുത്തിയ 2 ലക്ഷം രൂപ (ഗുണഭോക്തൃ വിഹിതം) ചെലവഴിച്ചതിന്റെ രേഖകളും ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് 22/31.8.17 നമ്പർ ഓഡിറ്റ് എൻക്വയറി മുഖേന വിശദീകരണം ആവശ്യപ്പെട്ടിരുന്നുവെങ്കിലും, ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് തുക 2 ലക്ഷം രൂപ തടസ്സത്തിൽ വയ്ക്കുന്നു. അപാകതകൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-16 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടാത്തത് സംബന്ധിച്ച്.

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തുന്ന മരാമത്ത് പ്രവൃത്തികൾക്ക് നിരതദ്രവ്യമായും ജാമ്യ നിക്ഷേപമായും ലഭിക്കുന്ന ഡെപ്പോസിറ്റുകൾ തിരികെ നൽകുന്ന വിവരം 2015-16 മുതൽ നിരതദ്രവ്യ രജിസ്റ്റർ മുഖേന നിരീക്ഷിക്കുന്നുണ്ട്. എന്നാൽ അതിന് മുമ്പുള്ള വർഷങ്ങളിൽ ലഭിച്ച ഇത്തരം നിക്ഷേപങ്ങളുടെ വിവരം ടെണ്ടർ രജിസ്റ്റർ/എഗ്രിമെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, തിരിച്ച് കൊടുത്തതിന്റെ വിവരം എങ്ങും രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ 2015-16 ന് മുമ്പ് ലഭിച്ച നിക്ഷേപങ്ങളിൽ തിരിച്ച് കൊടുക്കാൻ അവശേഷിക്കുന്ന നിക്ഷേപങ്ങളെ സംബന്ധിച്ച് വ്യക്തതയില്ല. കേരള ഫിനാൻഷ്യൽ കോഡ് പ്രകാരം ജാമ്യ നിക്ഷേപങ്ങൾ അവ തിരിച്ചു കൊടുക്കേണ്ട തീയ്യതി മുതൽ മൂന്ന് വർഷത്തിനുള്ളിൽ കൈപ്പറ്റിയില്ലെങ്കിൽ കാലഹരണപ്പെടുന്നതും, അത്തരം നിക്ഷേപങ്ങൾ സർക്കാർ ഖജനാവിലേക്ക് മുതൽക്കൂട്ടാവുന്നതുമാണ്. ആയത് പ്രകാരം, ഓരോ വർഷാന്ത്യവും നീക്കിയിരിപ്പുള്ള നിക്ഷേപങ്ങളുടെ ഒരു സ്റ്റേറ്റ്മെന്റ് അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കേണ്ടതും, കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാൻ നടപടി സ്വീകരിക്കേണ്ടതുമായിരുന്നു. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല.

അസിസ്റ്റന്റ് എഞ്ചിനീയറുടെ ഓഫീസിൽ സൂക്ഷിച്ചിട്ടുള്ള ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റുകൾ പരിശോധിച്ചപ്പോൾ വളരെ വർഷങ്ങൾക്ക് മുമ്പ് ലഭിച്ച താഴെ പറയുന്ന ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റുകൾ ഇപ്പോഴും സൂക്ഷിക്കുന്നതായി കണ്ടു.

| ക്രമ നമ്പർ | ഡെപ്പോസിറ്റ് സർട്ടിഫിക്കറ്റ് നമ്പർ, ബാങ്ക് | തുക | ഡെപ്പോസിറ്ററുടെ പേര് |
|---|---|---|---|
| 1 | 935/18.8.2012 താനൂർ കോ-ഓപ് റൂറൽ ബാങ്ക് | 7500.00 | അസിസ്റ്റന്റ് എഞ്ചിനീയർ, താനാളൂർ ഗ്രാമ.പ |
| 2 | വ്യക്തമല്ല/15.3.2012 | 3750.00 | കുഞ്ഞിമുഹമ്മദ്.ഐ.സി |
| 3 | പഞ്ചായത്ത് രസീതി നം.42201/21.7.2010 | 3750.00 | അഷറഫ് |
| 4 | 043454/2.8.2010 | 3750.00 | അഷറഫ് (എ.ഇ യുടെ പേരിൽ പ്ലഡ്ജ് ചെയ്തിട്ടുണ്ട്) |

മേൽ നിക്ഷേപങ്ങൾ മുതൽ കൂട്ടുന്നതിന് നടപടി സ്വീകരിക്കാതിരുന്നതിനും, മേൽ ഖണ്ഡിക ഒന്നിൽ പറഞ്ഞ അപാകതകൾക്കും വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി നം.20/31.8.17 പ്രകാരം ആവശ്യപ്പെട്ടിരുന്നു. എന്നാൽ മറുപടി ലഭ്യമാക്കിയിട്ടില്ല. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടി വിവരം അറിയിക്കേണ്ടതാണ്. ഖണ്ഡികയിൽ പറഞ്ഞ മറ്റ് അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-17 പി.എച്ച്.സി ക്ക് പുതിയ ബ്ലോക്ക് നിർമ്മാണം - പ്രൊജക്ട് നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച്

പ്രൊജക്ട് നം : എസ്.ഒ.25/17

അടങ്കൽ : 2298000/- പ്ലാൻ

219000/- തനത്

ചെലവ് : 2298000/- പ്ലാൻ

ബിൽ നമ്പർ:17/22.3.17

: 215169/-തനത്

ചെക്ക് നം:

കരാർ നം :29/12.11.15

കരാറുകാരൻ : ദാമോദരൻ.വി

നിർവ്വഹണം : അസിസ്റ്റന്റ് എഞ്ചിനീയർ.

2015-16 ൽ ആരംഭിച്ച് 2016-17 ൽ പൂർത്തിയാക്കിയ ഈ പ്രൊജക്ട് പരിശോധിച്ചപ്പോൾ കണ്ടെത്തിയ ന്യൂനതകൾ താഴെ പറയുന്നു.

1. ടെണ്ടർ കുറവ് കുറവാക്കാതെ ഫൈനൽ ബിൽ അനുവദിച്ചു.

ഇ ടെണ്ടർ ചെയ്ത ഈ പ്രൊജക്ട് ആദ്യം ടെണ്ടർ ചെയ്തപ്പോൾ ഒറ്റ ടെണ്ടർ മാത്രം ലഭിച്ചതിനെ തുടർന്ന്, ഭരണ സമിതിയുടെ 1(2)/10.9.15 നമ്പർ തീരുമാനം അനുസരിച്ച് പ്രൊജക്ട് റീ-ടെണ്ടർ ചെയ്തപ്പോൾ ശ്രീ.വി.ദാമോദരൻ സമർപ്പിച്ച 0.63% ടെണ്ടർ കുറവ് ക്വാട്ട് ചെയ്ത ടെണ്ടർ മാത്രമാണ് ലഭിച്ചത്. ഈ ടെണ്ടർ അംഗീകരിച്ച് മേല്പറഞ്ഞ പ്രകാരം കരാർ ചമച്ച്, പ്രവൃത്തി ഏല്പിക്കുകയാണ് ചെയ്തത്. എന്നാൽ ഫൈനൽ ബില്ല് അനുവദിച്ചപ്പോൾ ടെണ്ടർ കുറവ് കുറവാക്കാതെ, താഴെ പറയും പ്രകാരം ബിൽ അനുവദിച്ചിട്ടുള്ളതായി കണ്ടു.

ആകെ പ്രവൃത്തി മൂല്യം - 2513169.00 (-)

(-) 4% വാറ്റ് - 100527.00

1% ഐ.ടി 25132.00

1% ക്ഷേമ നിധി 25132.00

150791.

കരാറുകാരന് നൽകിയത് 2362378.00

യഥാർത്ഥത്തിൽ 2513169x0.63/100=15832.00 രൂപ ടെണ്ടർ കറവ് ഈടാക്കിയ ശേഷമായിരുന്നു കരാറുകാരന് ബിൽ അനുവദിക്കേണ്ടിയിരുന്നത്. ഇതു മൂലം 15832.00 രൂപ കരാറുകാരന് അധികം ലഭിക്കാൻ ഇടയായിട്ടുണ്ട്.

മേൽ അപാകത ഓഡിറ്റ് എൻക്വയറി നം.1/26.8.17 മുഖേന ചൂണ്ടിക്കാട്ടിയതിനെ തുടർന്ന്, രസീതി നമ്പർ.117100103434/29.8.17 പ്രകാരം 15832.00 രൂപ അടവാക്കിയിട്ടുണ്ട്

2. പ്രവൃത്തി പൂർത്തിയാക്കുന്നതിൽ കാലതാമസം വന്നു.

ഈ പ്രൊജക്ടിന്റെ നിർവ്വഹണം 12.11.2015 ന് ആരംഭിച്ചിട്ടുണ്ട്. കരാർ പ്രകാരം ഏഴ് മാസത്തിനുള്ളിൽ, അതായത് 11.7.2016 നകം പ്രൊജക്ട് പൂർത്തിയാക്കേണ്ടതുണ്ടായിരുന്നു. എന്നാൽ 29.12.16 നാണ് (നിർവ്വഹണം നടത്തിയ ഇനങ്ങളിലെ അവസാനത്തെ ഇനമായ നം.27, സിമെന്റ് പ്രൈമിംഗ് അളവെടുത്ത തീയ്യതി) പ്രവൃത്തി പൂർത്തിയാക്കിയിട്ടുള്ളത്. ഫയൽ പരിശോധിച്ചപ്പോൾ പൊതു മരാമത്ത് മാന്വൽ (2012 ൽ പുതുക്കിയത്) സെക്ഷൻ 2012, 2012-1 എന്നിവയിൽ നിഷ്കർഷിക്കുന്ന വിധത്തിൽ കരാർ കാലാവധി ദീർഘിപ്പിക്കുന്നതിന് കരാറുകാരൻ അപേക്ഷ സമർപ്പിച്ചതായോ, കാലാവധി നീട്ടി നൽകിയതായോ കണ്ടില്ല. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ്.

അതുപോലെ പ്രസ്തുത മാന്വലിലെ സെക്ഷൻ 2012 പ്രകാരം ഒറിജിനൽ സമയത്തിന്റെ 50% മാത്രമെ പരമാവധി ദീർഘിപ്പിച്ച് നൽകാവൂ. ഇതു പ്രകാരം പരമാവധി 3.5 മാസം മാത്രമെ ഈ പ്രൊജക്ടിന്റെ കാലാവധി ദീർഘിപ്പിച്ച് നൽകാൻ നിയമപരമായി അനുവാദമുള്ളൂ. എന്നാൽ ഈ പ്രൊജക്ടിന്റെ പൂർത്തീകരണത്തിൽ 5.5മാസം കാലതാമസം ഉണ്ടായിട്ടുണ്ട്. അതെ സമയം ടെണ്ടർ നോട്ടീസിലെ 86-ാം നമ്പർ വ്യവസ്ഥ അനുസരിച്ച് പിഴ ഈടാക്കിയിട്ടുമില്ല. പിഴ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതാണ്.

## 3-18 ഭവന നിർമ്മാണ പ്രൊജക്ടുകൾ - ധനസഹായം കൈപ്പറ്റിയ ശേഷം പ്രവൃത്തി നടത്താത്തത് സംബന്ധിച്ച്.

2014-15 ൽ ആരംഭിച്ച് തൻവർഷം സ്പിൽഓവർ ആയി തുടരുന്ന ഭവന നിർമ്മാണ പ്രൊജക്ടുകളായ പ്രൊജക്ട് നം.64/17, 77/17 എന്നീ പ്രൊജക്ടുകളിലെ താഴെ പറയുന്ന ഗുണഭോക്താക്കൾ ധനസഹായം കൈപ്പറ്റിയിട്ടും ഗൃഹനിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല/തുടർ പ്രവൃത്തികൾ നിർവ്വഹിക്കുന്നില്ല എന്ന് ധനസഹായ വിതരണ നിരീക്ഷണ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും, നിർവ്വഹണ ഉദ്യോഗസ്ഥനോട് അന്വേഷിച്ചതിൽ നിന്നും വ്യക്തമായിട്ടുണ്ട്.

| ഗുണഭോക്തൃ രജിസ്റ്റർ പേജ് നമ്പർ | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ ധന സഹായം | അഭിപ്രായം |
|---|---|---|---|
| 26 | മൈമൂന w/oമുഹമ്മദ് കോയ | 50000.00 | തറയുടെ പണി പൂർത്തിയാക്കി. |
| 39 | ഫാത്തിമ സുഹറ | 95000.00 | 1) തറയുടെ പണി |

| | | | |
|---|---|---|---|
| | | | പൂർത്തിയാക്കിയിട്ടുണ്ട്<br>2) 45000.00 രൂപ മുൻകൂർ നൽകിയതാണ്. |
| 41 | ജെംഷീന w/o അബ്ദുൾ മുനീർ | 50000.00 | തറയുടെ പണി പൂർത്തിയാക്കി. |
| 45 | ജംഷിയ D/Oഹംസ | 50000.00 | തറയുടെ പണി പൂർത്തിയാക്കി. |

മേൽ ഗുണഭോക്താക്കൾ കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കേണ്ടതാണ്. ഗുണഭോക്താക്കൾ പ്രവൃത്തി തുടർന്ന് നടത്താൻ തയ്യാറാകാത്ത പക്ഷം, അവർ കൈപ്പറ്റിയ ധനസഹായം തിരിച്ച് പിടിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-19 മരുന്നിന്റെ വില നൽകിയത് - മരുന്ന് പൂർണ്ണമായും ലഭിച്ചിട്ടില്ല.

പ്രൊജക്ട് നം:134/17 പ്രകാരം ആയുർവ്വേദ മരുന്ന ലഭ്യമാക്കുന്നതിനായി 400000.00 രൂപ, എം.ജി (റോഡ് ഇതരം), ബിൽ നമ്പർ 1/16.12.16പ്രകാരം പിൻവലിച്ച് ഔഷധിയിൽ അടച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ 3,36,599.00 രൂപയുടെ മരുന്ന് മാത്രമെ ലഭിച്ചിട്ടുള്ളു. മരുന്ന് സമയബന്ധിതമായി ലഭ്യമാക്കുമെന്ന നിബന്ധനകൾ ഉൾപ്പെടുത്തി ഔഷധിയുമായി കരാർ ഒപ്പ് വച്ചിട്ടുണ്ടെങ്കിലും, ഔഷധി കരാർ നിബന്ധനകൾ പാലിച്ചിട്ടില്ല. കരാർ പ്രകാരം മരുന്ന് ലഭ്യമാകാതിരുന്നതിന് തുടർ നടപടി സ്വീകരിച്ചു കാണുന്നില്ല. മരുന്ന് പൂർണ്ണമായും ലഭ്യമാകാത്തതിനാൽ, ലഭ്യമാക്കാൻ അവശേഷിക്കുന്ന മരുന്നിന്റെ വില 63401/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

## 3-20 യുവതി യുവാക്കൾക്ക് പിക്ക് അപ്/ഓട്ടോറിക്ഷ - പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച്

പ്രൊജക്ട്നം :157/17

അടങ്കൽ : 400000.00 പ്ലാൻ

400000.00 ഗു.വി

ചെലവ് :400000.00

ബിൽ നം.12/28.3.17,10/2.3.17,9/25.2.17)

നിർവ്വഹണം :വി.ഇ.ഒ

പ്രൊജക്ട് പ്രകാരം പത്ത് ഗുണഭോക്താക്കൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് 40000.00 രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. ഈ പ്രൊജക്ടുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചപ്പോൾ താഴെ പറയുന്ന അപാകതകൾ കണ്ടു.

1. തിരൂർ താലൂക്ക് മോട്ടോർ ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് കോ-ഓപ് സൊസൈറ്റി എന്ന സ്ഥാപനം മുഖേന ഹയർ പർച്ചേസ് വ്യവസ്ഥകൾ അനുസരിച്ചാണ് എല്ലാ ഗുണഭോക്താക്കളും ഓട്ടോറിക്ഷ വാങ്ങിയിട്ടുള്ളത്. ആയതിനാൽ ധനസഹായമായി അനുവദിച്ച തുക സർക്കാർ ഉത്തരവ് നം.(എം.എസ്)4/2016 തീയ്യതി 11.1.2016 പ്രകാരമുള്ള നിർദ്ദേശമനുസരിച്ച് പ്രസ്തുത സ്ഥാപനത്തിനാണ് അനുവദിക്കേണ്ടിയിരുന്നത്. എന്നാൽ ഇതിന് പകരം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കാണ് നൽകിയിട്ടുള്ളത്. ഇങ്ങനെ നൽകിയ തുകകൾ ഗുണഭോക്താക്കൾ പിന്നീട് സ്ഥാപനത്തിൽ അടച്ചതിന്റെ രേഖ ഹാജരാക്കിയിട്ടുമില്ല.

2. നിമിത്, കിഴക്കനാട്ട്, മനോജ് s/o ഷൺമുഖൻ എന്നീ ഗുണഭോക്താക്കൾ ഓട്ടോറിക്ഷ വാങ്ങിയിട്ടുണ്ടെങ്കിലും

രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയിട്ടില്ല.

3. ഓട്ടോറിക്ഷ വാങ്ങിയ പത്ത് ഗുണഭോക്താക്കളുടെ വിവരം അറിയിച്ചുകൊണ്ട് സ്ഥാപനം ലഭ്യമാക്കിയ 30.8.17 തീയ്യതിയിലെ കത്തിൽ ബിൽ നം.10/2.3.17 പ്രകാരം ധനസഹായം അനുവദിച്ച ശ്രീ.മുഹമ്മദ് ഹനീഫ എന്ന ഗുണഭോക്താവിന്റെ പേര് ഉൾപ്പെട്ടിട്ടില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത ഗുണഭോക്താവ് യഥാർത്ഥത്തിൽ വാഹനം വാങ്ങിയിട്ടുണ്ടോ എന്ന കാര്യം വ്യക്തമല്ല. മാത്രമല്ല ഇദ്ദേഹം വാങ്ങിയ വാഹനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും ഹാജരാക്കിയിട്ടില്ല.

അപാകതകൾ പരിഹരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 3-21 കരാറുകാരന് സേവന നികുതി തിരികെ നൽകിയത് - നികുതിയുടെ അടവ് വിവരം വ്യക്തമല്ല.

താഴെ പറയുന്ന പ്രൊജക്ടുകളുടെ അന്തിമ ബില്ലുകൾ പ്രകാരം അടവാക്കേണ്ടിയിരുന്ന സേവന നികുതി കരാറുകാരൻ നേരിട്ട് ചലാൻ പ്രകാരം അടവാക്കിയതിനെ തുടർന്ന് പ്രസ്തുത പ്രൊജക്ടുകളുടെ എസ്റ്റിമേറ്റിൽ വകയിരുത്തിയിരുന്ന സേവന നികുതി കരാറുകാരന് തിരികെ നൽകിയിട്ടുണ്ട്.

| പ്രൊജക്ടിന്റെ നമ്പർ, പേര് | അന്തിമ ബിൽ അനുവദിച്ചതിന്റെ വിവരം |
|---|---|
| നം.111/17, പഞ്ചായത്ത് ഓഫീസ് നവീകരണം.<br>അടങ്കൽ - 490000.00 | പ്രവൃത്തി മൂല്യം - 443439.00<br>സേവന നികുതി. 46561.00<br>490000.00<br>ബിൽ നം.28/30.3.17 - 418750.00<br>ചെക്ക് നം. 465506/19.4.17 - 71250.00<br>490000.00 |
| നം.2/17 പബ്ലിക്ക് ടോയ്‌ലറ്റ് നിർമ്മാണം.<br>അടങ്കൽ. 200000.00 | പ്രവൃത്തി മൂല്യം - 184874.57<br>സേവന നികുതി. 11092.65<br>195970.22<br>ചെക്ക് നം. - 465507/19.4.17 – 180000.00(-)<br>ക്ഷേമ നിധി/നികുതികൾ 11759.00<br>168241.00 +<br>ചെക്ക് നം. - 2244021/30.3.17 15970.00<br>195970.00 |

ചലാൻ നമ്പർ 04614/3.4.17 പ്രകാരമാണ് മേൽ പ്രവൃത്തികൾ കരാർ എടുത്ത അഭിമന്യു സേവന നികുതി

ഒടുക്കിയിട്ടുള്ളത്. താനൂർ മുനിസിപ്പാലിറ്റിക്ക് വേണ്ടി നിർവ്വഹിച്ച രണ്ട് പ്രവൃത്തികളുടെയും (ടൗൺഹാൾ ബിൽഡിംഗ് – 41017.00 രൂപ, കാട്ടിലങ്ങാടി സ്കൂൾ - 46922.00 രൂപ) മേൽപ്പറഞ്ഞ രണ്ട് പ്രവൃത്തികളുടെയും ഉൾപ്പെടെ ആകെ 145810.00 രൂപയാണ് പ്രസ്തുത ചലാൻ പ്രകാരം ഒടുക്കിയിട്ടുള്ളത് എന്ന് കരാറുകാരൻ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ചലാനിൽ നിന്നും ഇക്കാര്യം വ്യക്തമല്ല. ആയതിനാൽ ബന്ധപ്പെട്ട വകുപ്പിൽ മേൽപ്പറഞ്ഞ തുകകൾ അടവാക്കിയതിന്റെ സാക്ഷ്യപത്രം ഹാജരാക്കാതെ സേവന നികുതി കരാറുകാരന് നൽകിയ നടപടി ക്രമപ്രകാരമല്ല.

മേൽ അപാകതക്ക് വിശദീകരണം നൽകേണ്ടതും, അപാകത പരിഹരിക്കേണ്ടതുമാണ്. അപാകതയുടെ വെളിച്ചത്തിൽ സേവന നികുതി ഇനത്തിൽ കരാറുകാരൻ നൽകിയ 57653/- രൂപയുടെ ചെലവ് ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേരും നമ്പറും | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| താനൂർ ബ്ലോക്ക് പഞ്ചായത്ത് | 200000 | ബഡ്സ് സ്കൂൾ കെട്ടിട നിർമ്മാണം പ്രൊ. നം 95/ 17. | 0 | 200000 |
| | 300000 | പകൽവീട് കെട്ടിട നിർമ്മാണം പ്രൊ. നം. 100 17 | 0 | 300000 |
| | 200000 | പരിരക്ഷാ പദ്ധതി പ്രൊ.നം. 150/ 17 | 25000 | 175000 |
| | 400000 | സ്കൂളുകൾക്ക് ബയോ ഗ്യാസ് പ്ലാന്റ്. പ്രൊ നം. 180/17 | 0 | 400000 |
| | 200000 | മഞ്ചാടിക്കുന്ന് കോളനി അഭിവൃദ്ധിപ്പെടുത്തൽ (എസ്.സി.) പ്രൊ. നം. 239/17 | 0 | 200000 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രൊജക്ടിന്റെ പേര് | വൗച്ചർ നമ്പർ | നിക്ഷേപിച്ച തുക | ചെലവഴിച്ചത് | ബാലൻസ് |
|---|---|---|---|---|---|
| KSEB | മഞ്ചാടിക്കുന്ന് അപ്പാട പറമ്പ് കോളനി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 21601016/ 31-3-17 | 30129 | 0 | 30129 |

| | | | | | |
|---|---|---|---|---|---|
| KSEB | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 21600013/ 2-4-16 | 4728 | 0 | 4728 |
| KSEB | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 21600140/ 6-6-16 | 4378 | 0 | 4378 |
| KSEB | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 21600457 7-10-2016 | 34438 | 0 | 34438 |
| KSEB | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 21600165/ 8-6-2016 | 35143 | 0 | 35143 |
| KSEB | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 21600758/ 17-1-2017 | 7161 | 0 | 7161 |
| KSEB | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 21601007/ 14-3-2017 | 13375 | 0 | 13375 |
| KSEB | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 21601008/ 15-3-2017 | 13297 | 0 | 13297 |
| KSEB | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 21601179/ 30-3-2017 | 14705 | 0 | 14705 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1693812 |
| തൻവർഷം നിക്ഷേപിച്ച തുക | 3000000 |
| ആകെ | 4693812 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 1691312 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 3002500 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഒഴൂർ സർവീസ് സഹകരണ ബാങ്ക്<br>സ്ഥിര നിക്ഷേപം-FDR-5530 | 1500000 |

| | |
|---|---|
| ഒഴൂർ സർവീസ് സഹകരണ ബാങ്ക്<br>സ്ഥിര നിക്ഷേപം-FDR-5531 | 1500000 |
| മലപ്പുറം സഹകരണ സ്പിന്നിംഗ് മിൽ ഷെയർ- നമ്പർ-1444/ 27-7-1977 | 500 |
| മലപ്പുറം ജില്ലാ സഹകരണ ആശുപത്രി ഷെയർ- നമ്പർ- 65/ 1-10-1994 | 2000 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻ വർഷം ലഭിച്ച 5400 രൂപയുടെ വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീതി നം. /തിയതി. |
|---|---|---|---|---|
| 2013-14,14-15 | 2-1 | 400 | ശ്രീ. മുഹമ്മദ് ആസിഫ് (ലൈസൻസ് ഫീ) | 1161001084/ 4-10-2016 |
| 2011-12,12-13 | 2-3(1)1 | 5000 | അസി.എഞ്ചിനീയർ, കെ.എസ്.ഇ.ബി,താനാളൂർ (സ്ഥാപന തൊഴിൽ നികുതി) | 11613101957/ 13-7-2016 |
| ആകെ- | | 5400 | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 36 | 2003-04 | - | പൂർത്തീകരിക്കാത്ത പ്രവർത്തികൾ (75000/-) | നടപടി തുടരുന്നു |
| 1998-99 | 32 | 2003-04 | - | റീ ടെണ്ടർ നഷ്ടം (24459) | നടപടി തുടരുന്നു |
| 2000-01 | 37 | 2003-04 | - | വീട് മേൽക്കൂര നിർമാമാണം (61200) | നടപടി തുടരുന്നു |
| 2008-09 | - | 2011-12 | - | കൃഷി അവലോകനം | നടപടി തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| വർഷം | 2016-17 |
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 6,20,57,829 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,77,93,656 |
| വരവിനങ്ങളിലുള്ള നഷ്ടം | 3735 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 7188 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 45,03,707 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 360 | | ഡോ. പി.കാർത്തികേയൻ, വെറ്ററിനറി സർജൻ |
| 2-2 | 250 | | ശ്രീമതി. എം. രമണി, സെക്രട്ടറി |
| 2-4 | 600 | | ശ്രീമതി. എം. രമണി, സെക്രട്ടറി |
| 2-5 | 2525 | | ശ്രീമതി. എം. രമണി, സെക്രട്ടറി |
| 3-1 | | 6188 | ശ്രീമതി. അപർണ്ണ.കെ.എസ്, കൃഷി ഓഫീസർ |
| 3-7 | | 1000 | ശ്രീ. എം. പി.അനിൽ കുമാർ, അസി. സെക്രട്ടറി. |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 746000 | ഡോ. ശ്രുതി. കെ.ടി, മെഡിക്കൽ ഓഫീസർ |
| 3-3 | 30000 | ഡോ. പി.കാർത്തികേയൻ, വെറ്ററിനറി സർജൻ |
| 3-5 | 433500 | 16000 – ശ്രീ. എം. പി.അനിൽ കുമാർ, അസി. സെക്രട്ടറി. |
| | | 273500– ശ്രീമതി. എം. രമണി, സെക്രട്ടറി |
| 3-6 | 755400 | ശ്രീമതി. എം. രമണി, സെക്രട്ടറി |
| 3-8 | 1,01,209 | ശ്രീ. എം. പി.അനിൽ കുമാർ, അസി. സെക്രട്ടറി. |
| 3-9 | 1500000 | ശ്രീ. ജോർജ് കുട്ടി ജോസഫ്, ഹെഡ്മാസ്റ്റർ |
| 3-10 | 1,28,000 | ശ്രീമതി. എം. രമണി, സെക്രട്ടറി |
| 3-13 | 4,09,499 | ശ്രീമതി. എം. രമണി, സെക്രട്ടറി |
| 3-14 | 79045 | ശ്രീമതി. ഗായത്രി. കെ.വി, വി.ഇ.ഒ. |

| | | |
|---|---|---|
| 3-15 | 200000 | ശ്രീമതി. ഗായത്രി. കെ.വി, വി.ഇ.ഒ. |
| 3-19 | 63401 | ഡോ, ഫാത്തിമത്ത് താഹിറ. ഒ.കെ, എം. ഒ. ജി.എ.ഡി. താനാളൂർ |
| 3-21 | 57653 | ശ്രീ, രാജഗോപാൽ. പി.എൻ, അസി. എഞ്ചിനീയർ |
| ആകെ | 45,03,707 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. എം. രമണി, സെക്രട്ടറി | സെക്രട്ടറി, താനാളൂർ ഗ്രാമപഞ്ചായത്ത് | പുതുമന തെക്കേ മഠം, ഇന്ത്യനൂർ. പി.ഒ, കോട്ടക്കൽ, മലപ്പുറംജില്ല |
| ഡോ. പി.കാർത്തികേയൻ, വെറ്ററിനറി സർജൻ | വെറ്ററിനറി സർജൻ, താനാളൂർ മൃഗാശുപത്രി | കരുവാൻകടി ഹൗസ്, നെടുവ. പി.ഒ. പരപ്പനങ്ങാടി- 676303 |
| ശ്രീമതി. അപർണ്ണ.കെ.എസ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, കൃഷിഭവൻ, കടലുണ്ടി. | ഒലിയ പറമ്പിൽ ഹൗസ്, വള്ളിക്കുന്ന് നോർത്ത്. പി.ഒ. കടലുണ്ടിനഗരം-673314 |
| ശ്രീ. എം. പി.അനിൽ കുമാർ, അസി. സെക്രട്ടറി. | ജെ.എസ്. കോഴഞ്ചേരി ഗ്രാമപഞ്ചായത്ത്, പത്തനംതിട്ട. | മുരിങ്ങൂർ ഹൗസ്, കോട്ട പി.ഒ, കാരക്കാട്, ചെങ്ങന്നൂർ, പത്തനംതിട്ട. |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1991-92 | എൽ.എഫ്.എം.7/1739/94 തി.07.10.2010 | 10 |
| 1992-93, 1993-94, 1994-95 | എൽ.എഫ്.എം.15/573/03 തി.07.10.2010 | 05 |
| 1995-96 | എൽ.എഫ്.എം.15/1290/01 തി.07.10.2010 | 18 |
| 1996-97 | എൽ.എഫ്.എം.15/1482/03 തി.07.10.2010 | 21 |
| 1997-98 | എൽ.എഫ്.എം.15/1300/01 തി.07.10.2010 | 04 |
| 1998-99 | എൽ.എഫ്.എം.15/227/02 തി.07.10.2010 | 21 |
| 1999-00 | എൽ.എഫ്.എം.15/617/02 തി.07.10.2010 | 11 |
| 2000-01 | എൽ.എഫ്.എം.15/967/10 തി.07.10.2010 | 06 |
| 2001-02 (ചെലവ്) | എൽ.എഫ്.എം.15/247/06 തി.07.10.2010 | 12 |
| 2002-03 | എൽ.എഫ്.എം.15/2189/09 തി.07.10.2010 | 02 |
| 2004-05 | എൽ.എഫ്.എം.15/2171/09തി.07.10.2010 | 06 |

| | | |
|---|---|---|
| 2005-06 | എൽ.എഫ്.എം.15/2089/11 തി.22.03.2012 | 09 |
| 2006-07 | എൽ.എഫ്.എം.15/2090/11 തി.19.03.2012 | 06 |
| 2007-08 | എൽ.എഫ്.എം.15/646/12 തി.21.05.2012 | 12 |
| 2008-09, | എൽ.എഫ്.എം.15/647/12 തി.25.04.2012 | 22 |
| 2009-10,<br>2010-11 | എൽ.എഫ്.എം.15/2374/13 തി.12.12.2013 | 20 |
| 2011-12,<br>2012-13 | എൽ.എഫ്.എം.15/42/16 തി.02.02.2016 | 25 |
| 2013-14,14-15 | കെ.എസ്.എ.എം.പി.എം. 15/2064/16 തി. 9-8-16 | 11 |
| 2015-16 | കെ.എസ്.എ. എം.പി.എം. 15/ 15/2017, തി- 3-2-2017 | 18 |

## 4-10 ഓഡിറ്റ് സാക്ഷ്യപത്രം

അനുബന്ധം - 1

ഓഡിറ്റ് സാക്ഷ്യപത്രം

കെ എസ് എ എം പി എം.22/2017/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം മലപ്പുറം

പിൻ- 676 505 ഫോൺ: 0483-2734951
ഇ-മെയിൽ: dompm.ksad@kerala.gov.in

തീയ്യതി : 20-09-2017

1994- ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4ാം വകുപ്പ് 1994 ലെ കേരള പഞ്ചായത്ത് നിയമത്തിന്റെ 215ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്'ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേഡുകൾ അവലംബിച്ചും മലപ്പുറം ജില്ലയിലെ താനാളൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ താനാളൂർ ഗ്രാമ പഞ്ചായത്തിന്റെ 2016-17 വാർഷിക ധനകാര്യ പത്രിക വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

മലപ്പുറം

അനുബന്ധം - 2

AUDIT CERTIFICATE

No.KSA/MPM22/2017/2017

Kerala State Audit Department
District Audit office, Malappuram
Phone: 0483 -2734951
Email: dompm.ksad@kerala.gov.in
Date: 20-09-17

Certified that I have audited the Annual Financial Statement of Tanalur Grama panchayath in Malappuram District of the year ended on 31.3.2017 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller And Auditor Genaral of India of the purpose of audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Tanalur Grama panchayath for the year 2016-17 except the observations in My audit report properly presents the picture of income and expenditure.

Deputy Director

State Audit Department
Malappuram